# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4990** — **22.05.2017-ന് മറുപടിയ്ക്ക്**

## വാമനപുരം മണ്ഡലത്തിലെ സ്കൂളുകളിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഡി.കെ. മുരളി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കുട്ടികളിൽ നിന്നും പ്രത്യേക ഫീസ് ഇനത്തിൽ മുൻകാലങ്ങളിൽ പിരിച്ചെടുത്തിരുന്ന തുക സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പേരിൽ ട്രഷറികളിൽ നിക്ഷേപിച്ചിരുന്നത് പിൻവലിച്ച് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ഫീസ് ഇനത്തിലും കോഷൻ ഡെപ്പോസിറ്റിനത്തിലും ശേഖരിക്കുന്ന തുകയാണ് സംസ്ഥാന ട്രഷറികളിലെ പി. ഡി. അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത്. കോഷൻ ഡെപ്പോസിറ്റ് പഠനം പൂർത്തിയാക്കിയതിനുശേഷം വിദ്യാർത്ഥികൾക്ക് തിരിച്ചുനൽകുന്നു. ഇതിൽ സ്പെഷ്യൽ ഫീസ് ഇനത്തിൽ ശേഖരിക്കുന്ന തുക സ്കൂളിന്റെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾക്കായി അതാത് സാമ്പത്തിക വർഷം വിനിയോഗിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം സ്കൂൾ പ്രധാനാദ്ധ്യാപകരും പ്രിൻസിപ്പൽമാരും അതാത് വർഷം ശേഖരിക്കുന്ന സ്പെഷ്യൽ ഫീസ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി. ഡി. അക്കൗണ്ടുകളിൽ വർഷങ്ങളായി ചെലവഴിക്കാതെ കിടക്കുന്ന തുക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. മേൽ സാഹചര്യത്തിൽ പ്രസ്തുത തുക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ നവീകരണ |

| | |
|---|---|
| | പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള സാദ്ധ്യത സർക്കാർ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂൾ പ്രിൻസിപ്പൽമാർക്കും പ്രധാനാദ്ധ്യാപ കർക്കും പി. ഡി. അക്കൗണ്ടുകളിൽ ചെലവഴിക്കാതെ കിടക്കുന്ന തുക സ്റ്റോർ പർച്ചേസ് മാനുവൽ വ്യവസ്ഥകൾക്ക് വിധേയമായും എൽ.എസ്.ജി.ഡി. വിഭാഗം എൻജിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിലും കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിനിയോഗിക്കുവാൻ 29.03.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നം.884/2017/പൊ.വി.വ. പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആവശ്യത്തിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനും ക്ലാസ് മുറികളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് സ്മാർട്ട് ക്ലാസ്റൂമുകളാക്കി മാറ്റുന്നതിനുമുള്ള അറ്റകുറ്റപ്പണികൾക്കായും പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥി കേന്ദ്രീകൃത അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി അടുക്കള, ഡൈനിംഗ് ഹാൾ, ടോയ്ലെറ്റുകൾ, ലൈബ്രറി എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായും പ്രസ്തുത തുക വിനിയോഗിക്കാവുന്നതാണ്. |
| (ബി) വാമനപുരം നിയോജക മണ്ഡലത്തിലെ ഓരോ സ്കൂളിലും ഈയിനത്തിൽ എത്ര രൂപ വീതം നിക്ഷേപമുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) വാമനപുരം നിയോജക മണ്ഡലത്തിലെ 17 ഗവൺമെന്റ് സ്കൂളുകളിലെയും 18 എയ്ഡഡ് സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരുടെ പേരിൽ ട്രഷറികളിൽ നിക്ഷേപിച്ചിരിക്കുന്ന സ്പെഷ്യൽ ഫീസ് തുക സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഗവൺമെന്റ് സ്കൂളുകൾ

| ക്രമനമ്പർ | സ്കൂളുകളുടെ പേര് | ബാലൻസ് തുക |
|---|---|---|
| 1 | ഗവ.യു.പി.എസ്. നെല്ലനാട് | 28250/- |
| 2 | ഗവ.യു.പി.എസ്. ആലന്തറ | 17872/- |
| 3 | ഗവ.എൽ.പി.എസ്. പൂവണത്തുംമൂട് | 6249/- |
| 4 | ഗവ.എൽ.പി.എസ്. മേലാറ്റുമൂഴി | 8607/- |
| 5 | ഗവ.യു.പി.എസ്. പേരയം | 3877/- |
| 6 | ഗവ.യു.പി.എസ്. രാമപുരം | 32325/- |
| 7 | പഞ്ചായത്ത് യു.പി.എസ്. ആറ്റിൻപുറം | 63779/- |
| 8 | ഗവ.യു.പി.എസ്. തൊളിക്കോട് | 8411/- |
| 9 | ഗവ.യു.പി.എസ്. വി.വി.ദായിനി | 5429/- |
| 10 | ഗവ.യു.പി.എസ്. വാമനപുരം | 17323/- |
| 11 | ഗവ.യു.പി.എസ്. ആനച്ചൽ | 36618/- |
| 12 | ഗവ.യു.പി.എസ്, തെങ്ങുംകോട് | 16172/- |
| 13 | ഗവ.എച്ച്.എസ്., വെഞ്ഞാറമ്മൂട് | 412327/- |
| 14 | ഗവ.എച്ച്.എസ്. ഭരതന്നൂർ | 40000/- |
| 15 | ഗവ.എച്ച്.എസ്. കല്ലറ | 368371/- |
| 16 | ഗവ.ബോയ്സ് എച്ച്.എസ്. മിതിർമല | 73333/- |
| 17 | ഗവ.ഗേൾസ് എച്ച്.എസ്. മിതിർമല | 46000/- |
| | **എയ്ഡഡ് സ്കൂളുകൾ** | |
| 1 | ആർ.എം.യു.പി.എസ്. വയ്യക്കാവ് | 30000/- |
| 2 | കെ.വി. യു.പി.എസ്. വെള്ളുമണ്ണടി | 38208/- |
| 3 | കെ.കെ.വി. യു.പി.എസ്. വേട്ടാംപള്ളി | 49438/- |
| 4 | എസ്.എച്ച്. യു.പി.എസ്. ചുള്ളിമാനൂർ | 67215/- |
| 5 | യു.പി.എസ്. വിനോബാനികേതൻ | 30589/- |
| 6 | എസ്.കെ.വി. യു.പി.എസ്. മുതുവിള | 27392/- |
| 7 | യു.പി.എസ്. കരുമൻകോട് | 4911/- |
| 8 | ക്യു.എ.എം. യു.പി.എസ്. കൊച്ചുകരിക്കം | 3676/- |
| 9 | എസ്.എൻ. യു.പി.എസ്. കൊല്ലയിൽ | 37156/- |
| 10 | സെന്റ് ജോസഫ് യു.പി.എസ്. പേരയം | 5442/- |
| 11 | എസ്.കെ.വി.എച്ച്.എസ്. നന്ദിയോട് | 178283/- |
| 12 | ബി.ആർ.എം. എച്ച്.എസ്. ഇളവട്ടം | 103353/- |
| 13 | എൻ.എസ്.എസ്. എച്ച്.എസ്. പാലോട് | 33000/- |
| 14 | ഇഖ്ബാൽ എച്ച്.എസ്. പെരിങ്ങമല | 61161/- |
| 15 | എസ്.എൻ.വി. എച്ച്.എസ്. ആനാട് | 119598/- |
| 16 | പി.എച്ച്.എം.കെ.എം. എച്ച്.എസ്. പനവൂർ | 99977/- |
| 17 | ജനത എച്ച്.എസ്. തേമ്പാമൂട് | 188859/- |
| 18 | മുളമന എച്ച്.എസ്. ആനാകുടി | 56279/- |